തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ. 1985 ജനുവരി 25 മുതൽ ഫെബ്രുവരി 27 വരെ മീന, കേരള ഉപയോഗിച്ച് ഈ പോർട്ടിൽ മണ്ണുമാന്തൽ പ്രവർത്തനം നടത്തിയിരുന്നതാണ്. പ്രതികൂലമായ കാലവസ്ഥയുണ്ടായതുകൊണ്ട് അന്ന് തുടർന്ന് മണ്ണുമാന്തൽ നടത്താൻ കഴിഞ്ഞില്ല. 1986-87-ലെ ഡ്രഡ്ജിംഗ് പരിപാടിയിലും അവിടെ മണ്ണു മാന്തൽ നടത്തുന്നതിന് പരിപാടിയിട്ടിട്ടുണ്ട്. ഇത് നടത്താൻ ആവശ്യമായ നീളത്തിൽ പൈപ്പ്‌ലൈൻ അവിടെ വാങ്ങുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്. അത് പൂർത്തിയായാൽ ഡിസംബർ ആദ്യവാരത്തോടുകൂടി അഴീക്കൽ തുറമുഖത്ത് മണ്ണുമാന്തൽ ആരംഭിക്കുന്നതും മേൽപ്പറഞ്ഞ കാര്യങ്ങളും പൂർത്തിയാകുന്നതുമാണ്. അത് പൂർത്തിയാകുമ്പോൾ മൽസ്യബന്ധനത്തിനു പൊതുവേയും മറ്റ് യാനപാത്രങ്ങൾക്കും വരാനും സൗകര്യമുണ്ടാകും. അഴീക്കൽ തുറമുഖ വികസനത്തിന് അഞ്ചുലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. മൊത്തത്തിൽ 850 ലക്ഷം രൂപ അടങ്കൽ വരുന്ന ഒരു വിശദമായ പദ്ധതിക്ക് ഗവൺമെന്റ് രൂപം കൊടുത്തിട്ടുണ്ട്. നീണ്ടകര, ബേപ്പൂർ, വിഴിഞ്ഞം, അഴീക്കൽ എന്നീ തുറമുഖങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രത്തിന്റെ മുൻപിൽ ഒരു നിർദ്ദേശം വച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അത് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ഏതെങ്കിലും ഒരു പോർട്ട് വികസിപ്പിക്കാൻ സാദ്ധ്യതയുണ്ട്. അഴീക്കലും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവിടെ പൈപ്പ് വാങ്ങിയാലുടൻ മണ്ണുമാന്തൽ നടത്തുന്നതാണ്.

(4) സർക്കാർ ഭൂമി സ്വകാര്യ വ്യക്തിക്ക് പതിച്ചു കൊടുക്കാനുള്ള നടപടി

ശ്രീ. പി. വിജയദാസ് : സർ, തിരുവനന്തപുരം ജില്ലയിൽ 15 ഏക്കർ സ്ഥലം ഒരു സ്വകാര്യ വ്യക്തിക്ക് പതിച്ചുകൊടുക്കാനുള്ള നടപടി ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. അഴൂർ വില്ലേജിൽ 1783-ാം സർവ്വേ നമ്പരിൽ ഉൾപ്പെട്ടതാണ് ഈ സ്ഥലം. കഴിഞ്ഞ 15 വർഷക്കാലമായി ഈ സ്ഥലം ഒരു സ്വകാര്യ വ്യക്തിക്ക് വ്യവസായത്തിനുവേണ്ടി പാട്ടത്തിന് കൊടുത്തിരുന്നതാണ്. ആ സ്ഥലമാണ് ഇപ്പോൾ പതിച്ചുകൊടുക്കാനുള്ള നടപടി റവന്യൂ ഉദ്യോഗസ്ഥൻമാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതേ സർവ്വേ നമ്പരിൽ വെയ്‌ലൂർ ഗവൺമെന്റ് ഹൈസ്ക്കൂൾ ഒന്നരയേക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്നുണ്ട്. ആ ഹൈസ്ക്കൂൾ അപ്പ്ഗ്രേഡ് ചെയ്യുന്നയവസരത്തിൽ അവിടെയുള്ള അപ്പ്ഗ്രേഡിംഗ് കമ്മിറ്റി 1984-ൽ ഈ സ്ഥലത്തിൽ ഒന്നരയേക്കർ സ്ഥലം കൂടി സ്ക്കൂളിനുവേണ്ടി പതിച്ചുകൊടുക്കണമെന്ന് പറഞ്ഞ് തഹസീൽദാർക്ക് അപേക്ഷ കൊടുത്തു. അതിനുള്ള നടപടിയാരംഭിക്കാതെ ഇപ്പോൾ ആ ഭൂമി ഒരു സ്വകാര്യ വ്യക്തിക്ക് പതിച്ചുകൊടുക്കാനുള്ള നടപടി ആരംഭിച്ചിരിക്കുന്നതും ആ തഹസീൽദാർ തന്നെയാണ്. ഗവൺമെന്റ് ഹൈസ്ക്കൂളിന്റെ സ്പോൺസറിംഗ് കമ്മിറ്റി ഗവൺമെന്റുമായി ഒരു എഗ്രിമെന്റ് വച്ച് സ്വന്തമായി കെട്ടിടവും ഫർണിച്ചറും ഒന്നരയേക്കർ സ്ഥലവും ഉണ്ടാക്കണം. അവിടെയുള്ള സാധുക്കളായ ആളുകൾ കെട്ടിടവും ഫർണിച്ചറും ഉണ്ടാക്കിക്കൊടുത്തു. ഈ ഒന്നരയേക്കർ സ്ഥലം 15 ഏക്കറിൽ നിന്ന് നൽകണമെന്ന് പറഞ്ഞിട്ട് ഗവൺമെന്റ് ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. വിദ്യാഭ്യാസമന്ത്രി സ്ഥലത്ത് ഇല്ലായിരുന്നിട്ട് ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ളയുടെ അടുത്തുപോയി എക്സംപ്ഷൻ വാങ്ങിക്കൊടുത്തിട്ടാണ് ഇപ്പോൾ അവിടെ പത്താം സ്റ്റാൻഡേർഡ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് ആ ഭൂമി സ്വകാര്യ വ്യക്തിക്ക് പതിച്ചുകൊടുക്കാനുള്ള നടപടി നടത്തിക്കൊണ്ടിരിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

അവസാനിപ്പിക്കണം. കഴിഞ്ഞ 28-ാം തീയതി അവിടെയുള്ള പൊതുജനങ്ങൾ അതിനെ സംബന്ധിച്ച് ഒരു പൊതുയോഗം സംഘടിപ്പിച്ചു. ആ പൊതുയോഗത്തിൽ പങ്കെടുക്കാൻ ഈ സഭയിലെ ബഹുമാന്യനായ പങ്കജാക്ഷൻ എം. എൽ. എ. യും ഞാനും കൂടി പോകുന്ന വഴിക്ക് ഞങ്ങളുടെ വാഹനത്തിന് തകരാറുപറ്റി. പക്ഷെ ഒരു പ്രമുഖ പത്രത്തിൽ വന്ന വാചകം ഞാൻ പറയാം. "ഞാൻ ഒളിച്ചുകളിക്കുന്നു" എന്ന്. ഗവൺമെൻറ് പതിച്ചു കൊടുക്കുന്ന ഭൂമിയിൽ ഞാൻ എങ്ങനെയാണ് ഒളിച്ചുകളി നടത്തുന്നത്. അതിന് എക്സപ്ഷൻ വാങ്ങിക്കൊടുത്തത് ഞാനാണ്. അത് പതിച്ചുകൊടുക്കരുതെന്ന് പറഞ്ഞ് 1984-ൽ പഞ്ചായത്ത് കമ്മിറ്റിയും സ്പോൺസറിംഗ് കമ്മിറ്റിയും. പ്രമേയം പാസ്സാക്കിയിട്ട് നടപടി നടത്താൻ ആവശ്യപ്പെട്ടു. തിരുവനന്തപുരം ജില്ലയിൽ 15 ഏക്കർ സ്ഥലം ഒരു സ്വകാര്യ വ്യക്തിക്ക് പതിച്ചുകൊടുക്കാനുള്ള നടപടി നിറുത്തിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, സ്റ്റാൻഡേർഡ് ക്ലേ മൈൻസ് എന്ന ഒരു സ്ഥാപനത്തിന് ആ ഭൂമി 20 കൊല്ലത്തേയ്ക്ക് പാട്ടത്തിന് കൊടുത്തിരിക്കുകയാണ്. 1981-ലെ ഒരു ഉത്തരവ് അനുസരിച്ചാണ് പാട്ടത്തിന് കൊടുത്തിരിക്കുന്നത്. രണ്ടായിരമാണ്ടുവരെ ആ ഭൂമി പാട്ടത്തിലാണ്. പാട്ടത്തിന് കൊടുത്തിരിക്കുന്ന ഭൂമി പതിച്ചു കൊടുക്കണമെന്ന് പറഞ്ഞ് അപേക്ഷ നൽകി. കളക്ടറുടെ റിപ്പോർട്ട് സ്വീകരിച്ച് ആ അപേക്ഷ പരിശോധിച്ച് ഞാനും കൂടി കണ്ട് അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവ് കൊടുത്തിട്ടുണ്ട്. അത് പുനഃപരിശോധിക്കേണ്ട യാതൊരു ആവശ്യവും ഉണ്ടെന്ന് കരുതുന്നില്ല. മാത്രമല്ല തഹശീൽദാരോ മറ്റ് ആരെങ്കിലുമോ വിചാരിച്ചാൽ അത് കൊടുക്കാൻ സാധിക്കുകയില്ല. ഗവൺമെൻറ് അറിയാതെ അത് പതിച്ചുകൊടുക്കാൻ കഴിയുകയില്ല. അങ്ങനെയുള്ള യാതൊരു നടപടിയും കൈക്കൊള്ളുന്നതല്ല. ബഹുമാനപ്പെട്ട മെമ്പർ എന്നെ അടുത്ത് പറയുകയും ഞാൻ അദ്ദേഹത്തോട് മറുപടി പറയുകയും ചെയ്തതാണ്. സ്ക്കൂളിന് കൊടുക്കുന്ന കാര്യം പ്രത്യേകമാണ്. അത് പാട്ടത്തിന് കൊടുത്തിരിക്കുന്ന ഭൂമിയാണ്.

(5) ഇഷ്ടിക വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, തിരുവനന്തപുരം ജില്ലയിൽ, പ്രത്യേകിച്ച് നെടുമങ്ങാട്, നെയ്യാറിൻകര താലൂക്കുകളിലെ ഇഷ്ടിക വ്യവസായം ഒരു പ്രതിസന്ധിയെ നേരിടുകയാണ്. അടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും വിലകുറച്ച് ഇഷ്ടിക തിരുവനന്തപുരത്തേക്ക് കൊണ്ടുവരുന്നതുകൊണ്ടാണ് ഇവിടത്തെ ഇഷ്ടികയ്ക്ക് മാർക്കറ്റ് ഇല്ലാത്തത്. തമിഴ്നാട്ടിലാണെങ്കിൽ കുറഞ്ഞ വിലക്ക് ഇഷ്ടികയുണ്ടാക്കാനുള്ള മണ്ണ് ലഭ്യമാണ്. വിറകും കുറഞ്ഞ വിലക്ക് ലഭ്യമാണ്. വളരെ കുറഞ്ഞ കൂലിക്ക് ജോലി ചെയ്യാൻ അവിടെ തൊഴിലാളികളെ കിട്ടും. അതുകൊണ്ടാണ് അവിടെ ഉല്പാദിപ്പിക്കുന്ന ഇഷ്ടിക വളരെ കുറഞ്ഞവിലക്ക് ഇവിടെ കൊണ്ടുവന്ന് ചെലവാക്കുന്നത്. നാനൂറോളം വ്യവസായ യൂണിറ്റുകളും അവയെ ആശ്രയിച്ചുകഴിയുന്ന പതിനയ്യായിരത്തോളം തൊഴിലാളികളും ഇന്ന് പട്ടിണിയിലും പ്രതിസന്ധിയിലുമാണ്. അതുകൊണ്ട് ഈ വ്യവസായം സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ ഈ ഗവൺമെൻറ് സ്വീകരിക്കണം. തമിഴ്നാട്ടിൽ നിന്ന് ഇവിടെ ഇറക്കുമതി ചെയ്യുന്ന ഇഷ്ടിക നിയമംമൂലം തടയണം. അതുപോലെ ഇഷ്ടിക വ്യവസായം പരമ്പരാഗത വ്യവസായമായി അംഗീകരിക്കണം. ഇഷ്ടിക തൊഴിലാളികൾക്ക് സർക്കാരിൽ നിന്നുള്ള എല്ലാ ആനുകൂല്യങ്ങളും നൽകണം. ഇന്ന് ഇഷ്ടികക്ക് ഏർപ്പെടുത്തിയിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly